# പതിമൂന്നാം കേരള നിയമസഭ

## പതിനഞ്ചാം സമ്മേളനം

നക്ഷത്രചിഹ്നമിട്ട
നിയമസഭാ ചോദ്യം നം . **230** 14.12.2015 ൽ മറുപടിയ്ക്ക്

### ഔഷധ സസ്യങ്ങളുടെ ലഭ്യതക്കുറവ്

| | ചോദ്യം | | ഉത്തരം |
|---|---|---|---|
| | ശ്രീ.എൻ.എ. നെല്ലിക്കുന്ന്<br>ശ്രീ. കെ.എൻ.എ. ഖാദർ<br>ശ്രീ. പി. കെ. ബഷീർ<br>ശ്രീ. പി. ഉബൈദുള്ള | | ശ്രീ. വി.എസ്. ശിവകുമാർ<br>(ആയുഷ് ആരോഗ്യ- കുടുംബക്ഷേമ ദേവസ്വം വകുപ്പുമന്ത്രി) |
| (എ) | ഔഷധ സസ്യങ്ങളുടെ ലഭ്യതക്കുറവ് ശ്രദ്ധയിൽപ്പെട്ടിട്ടുണ്ടോ ; | (എ) | ഉണ്ട് |
| (ബി) | എങ്കിൽ ആയത് പരിഹരിക്കുവാൻ ഉദ്ദേശിക്കുന്ന നടപടികൾ ഏതെല്ലാമാണെന്ന് വ്യക്തമാക്കുമോ ; | (ബി) | സംസ്ഥാനത്ത് ഔഷധസസ്യ കൃഷി പ്രോത്സാഹിപ്പിക്കുന്നതിന് സർക്കാർ ഇതുമായി ബന്ധപ്പെട്ട വിവിധ സർക്കാർ വകുപ്പുകൾ, ഏജൻസികൾ മുഖേനെ അനേകം പദ്ധതികൾ ആവിഷ്കരിച്ച് നടപ്പിലാക്കി വരുന്നു. സംസ്ഥാന ഔഷധ സസ്യ ബോർഡ് പൊതുജനങ്ങൾക്കിടയിൽ ഔഷധസസ്യങ്ങളെക്കുറിച്ച് ബോധവൽക്കരണം , സംരക്ഷണം , പരിപോഷണം,കൃഷി,സൗജന്യ ഔഷധതൈകളുടെ വിതരണം എന്നിവ നടപ്പിലാക്കി വരുന്നു. ഇതുകൂടാതെ ഔഷധ വിതരണ രംഗത്തെ ഏക പൊതുമേഖലാ സ്ഥാപനമായ ഔഷധി ഔഷധ സസ്യങ്ങളുടെ ലഭ്യതക്കുറവ് പരിഹരിക്കാൻ കർഷകർക്ക് സൗജന്യമായി ഔഷധസസ്യങ്ങൾ നല്കിവരുന്നു |
| (സി) | മരുന്നുല്പാദിപ്പിക്കുന്ന സർക്കാർ സ്ഥാപനങ്ങൾ ഔഷധ സസ്യങ്ങൾക്കായി ടി. ബി. ജി. ആർ. ഐ. യെ സമീപിച്ചിട്ടുണ്ടോ ; എങ്കിൽ സംസ്ഥാനത്തെ കർഷകരെക്കൂടി സഹകരിപ്പിച്ച് ഔഷധ സസ്യകൃഷി പ്രോത്സാഹിപ്പിച്ച് ദൗർലഭ്യം പരിഹരിക്കാൻ നടപടി സ്വീകരിക്കുമോ ? | (സി) | ഔഷധി ടി.ബി.ജി.ആർ.ഐ യുമായി സഹകരിച്ച് 'ജീവനി' എന്ന മരുന്ന് ഉത്പാദിപ്പിക്കുവാൻ തീരുമാനിച്ചിട്ടുണ്ട്. ആയതിലേക്കാവശ്യമായ ഔഷധ സസ്യങ്ങൾ തിരുവനന്തപുരം ജില്ലയിലെ കോട്ടൂരുള്ള കേരളകാണി സമുദായ ട്രസ്റ്റിൽ നിന്നും വിലകൊടുത്ത് ശേഖരിക്കുന്നതിന് തത്വത്തിൽ തീരുമാനമായിട്ടുണ്ട്. കൂടാതെ സർക്കാർ ആയുർവ്വേദ കോളേജ് ഫാർമക്കോഗ്നസി യൂണിറ്റിൽ ലഭ്യമല്ലാത്ത ഔഷധ സസ്യങ്ങൾക്കുവേണ്ടി ടി.ബി.ജി.ആർ.ഐ യെ സമീപിച്ചിട്ടുണ്ട്. |

(ഒപ്പ്)
സെക്ഷൻ ഓഫീസർ